بسم الله الرحمن الرحيم

# അനുസ്മരണം

## മർഹും ഹംസ ഇബ്രാഹീം സാഹിബ്



ജമാ അത്തു സ്സഹീഹിൽ ഇസ്ലാം, ഇന്ത്യയിലെ മുതിർന്ന അംഗങ്ങളിൽ ഓരാളായ ഹംസ ഇബ്രാഹീം സാഹിബ് ഈ ആഴ്ച (18 – 10 – 2020)കേരളത്തിൽ കരുനാഗപ്പള്ളിയിൽ അന്തരിച്ചു. 74 വയസ്സുള്ള അദ്ദേഹം കഴിഞ്ഞ കുറച്ചു കാലമായി ആരോഗ്യ സംബന്ധമായ ചില പ്രശ്നങ്ങളാൽ ആശങ്കാകുലനായിരുന്നു. ഒരു സമഗ്രമായ വൈദ്യ പരിശോധനയ്ക്ക് വിധേയനാകുവാനായി, സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള കോവിഡ് – 19 യുമായി ബന്ധപ്പെട്ട പൊതു ജനാരോഗ്യ അടിയന്തരാവസ്ഥയ്ക്ക് ശമനമുണ്ടാകുന്നതുവരെ അദ്ദേഹം കാത്തിരിക്കുകയായിരുന്നു. എന്നാൽ അവിചാരിതമായി ഉണ്ടായ ഹൃദയാഘാതത്തെ തുടർന്ന് 2020 ഓഗസ്റ്റ് 18 ന് വൈകുന്നേരം 5.30 തോടെ അദ്ദേഹത്തിന് ദേഹവിയോഗം സംഭവിച്ചു. ഇന്നാ ലില്ലാഹി വ ഇന്നാ ഇ ലൈഹി റാജി ഊൻ.

രണ്ട് പതിറ്റാണ്ടു മുമ്പ് ജോലിയിൽ നിന്നും വിരമിക്കുന്നതുവരെ കേരള സർക്കാരിന്റെ ജുഡീഷ്യൽ ഡിപ്പാർട്ടുമെന്റിൽ അഡ്മിനിസ്ട്രേറ്റീവ് / ക്ലറിക്കൽ വിഭാഗത്തിൽ ഹംസ ഇബ്രാഹീം സാഹിബ് സേവനം അനുഷ്ഠിച്ചു. ജോലിയിൽ നിന്നും വിരമിച്ചതിനുശേഷം ജീവിതത്തിൽ ഒരു നല്ല മുസ്ലീം ആയിരിക്കാൻ ശ്രമിക്കുന്ന കാര്യത്തിൽ അദ്ദേഹം സജീവമായിരുന്നു. ഈ ജീവിതത്തിൽ പ്രാവചനിക (ദൈവീക) മാർഗ്ഗത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയാണ്; ഇഹലോക ജീവിതത്തിൽ തന്റെ അവസാന ശ്വാസം വരെ മനസ്സിനേയും ബുദ്ധിയേയും ആത്മീയ ഗവേഷണങ്ങൾക്കായി തുറന്നിടുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. അത്തരം ആത്മീയ പര്യവേഷണങ്ങളും താല്പര്യങ്ങളുമാണ്, അദ്ദേഹത്തിന്റെ സാമൂഹിക ചുറ്റുപാടിലെ നിലവിലുള്ള യാഥാസ്ഥിതികതകളിൽ നിന്നും പരമ്പാരാഗത അറിവിൽ നിന്നും അദ്ദേഹത്തെ അകറ്റി നിർത്തിയത് – സത്യത്തെ തിരിച്ചറിഞ്ഞപ്പോൾ, അതിനെ ഹൃദയാത്മന സ്വീകരിക്കുന്നതിൽ യാതൊരു വിധ വിമുഖതയും അദ്ദേഹം കാണിച്ചില്ല.

ആലപ്പുഴയിലെ ഒരു പരമ്പരാഗത മുസ്ലീം കുടുംബത്തിൽ ജനിച്ച് വളർന്ന ഹംസ ഇബ്രാഹീം സാഹിബ് 1979 – ൽ അഹ്മ്മദിയ്യത്ത് സ്വീകരിക്കുന്നതിൽ ആത്മീയ ആർജ്ജവവും ധൈര്യവും കാണിച്ചു. തുടർന്ന് കരുനാഗപ്പള്ളിയിലെ ഒരു അഹ്മ്മദിയ്യാ കുടുംബത്തിൽ നിന്നും വിവാഹം കഴിക്കുകയും, പിന്നീട് ആ പ്രദേശത്തു തന്നെ സ്ഥിര താമസക്കാരനായി മാറുകയും ചെയ്തു.

ഒരു അഹ്മ്മദിയ്യാ മുസ്ലീം ആയി തുടരുന്ന സമയത്തു തന്നെ, 2010 – ൽ മൗറീഷ്യസിൽ നിന്നുള്ള ഹസ്റത്ത് ഖലീഫത്തുല്ലാഹ് മുനീർ അഹ്മ്മദ് അസീം (അ) ന്റെ പ്രസ്ഥാനത്തെക്കുറിച്ചും, അദ്ദേഹത്തിൽ അർപ്പിതമായ ദൈവീക ദൗത്യത്തെക്കുറിച്ചും അറിയാനിടവരികയും തല്ക്ഷണം ആ സത്യത്തെ അംഗീകരിക്കുകയും ചെയ്തു. അദ്ദേഹം കേരളത്തിൽ ആദ്യകാല വിശ്വാസികളിൽ ഒരാളായിരുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗത്തോടെ, തന്റെ ഭൗതീക കുടുംബത്തേയും (ഭാര്യയും വളർന്ന രണ്ട് മക്കളും, ബന്ധുക്കളും) അതുപോലെതന്നെ ജീവിതത്തിന്റെ അവസാന 10 വർഷക്കാലം നെഞ്ചിലേറ്റി നടന്ന തന്റെ ആത്മീയ കുടുംബത്തേയും (ജമാ അത്തു സ്സഹീഹിൽ ഇസ്ലാം) വിട്ട് എന്നന്നേക്കുമായി അദ്ദേഹം യാത്രയായി.

നിലവിലുള്ള സർക്കാർ പ്രോട്ടോകോളുകൾ അടിസ്ഥാനമാക്കി ഹംസ സാഹിബിന്റെ മൃതദേഹത്തെ കോവിഡ് പരിശോധനയ്ക്കായി ആശുപത്രി അധികൃതർ വിധേയമാക്കുകയും, തുടർന്ന് അദ്ദേഹത്തിന് കോവിഡ് നെഗറ്റീവ് ആണെന്ന് അവർ ആധികാരികമായി സ്ഥിരീകരിക്കുകയും ചെയ്തു. മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന മൃതദേഹം അടുത്ത ദിവസം കരുനാഗപ്പള്ളിയിലെ അദ്ദേഹത്തിന്റെ വീട്ടിൽ എത്തിക്കുകയും അനന്തരം കരുനാഗപ്പള്ളിയിലെ അഹ്മ്മദിയ്യാ മുസ്ലീം ജമാഅത്തിന്റെ ഖബർ സ്ഥാനിൽ എത്തിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ തിരുദേഹം വീട്ടിൽ നിന്നും ശ്മാനത്തിനായി പുറത്തെടുക്കുന്നതിനു മുമ്പ് , ഹംസ സാഹിബിന്റെ മൂത്ത മകൻ ജനാസ നമസ്കാരത്തിന് നേതൃത്വം നൽകി, അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും ബന്ധുക്കളും ജനാസ നമസ്ക്കാരത്തിൽ പങ്കുച്ചേർന്നു. 2020 ഒക്ടോബർ 20 ചൊവ്വാഴ്ച ഉച്ചക്ക് മുമ്പ് അദ്ദേഹത്തിന്റെ മൃതദേഹം കരുനാഗപ്പള്ളിയിലെ അഹ്മ്മദിയ്യാ ജമാഅത്തിന്റെ ഖബർ സ്ഥാനിൽ സംസ്കരിച്ചു.

വ്യക്തിപരമായ ആരോഗ്യ പ്രശ്നങ്ങളും, സംസ്ഥാനത്തെ പൊതുജനാരോഗ്യ അടിയന്തര സാഹചര്യങ്ങളിൽ തുടരുന്ന സർക്കാർ നിയന്ത്രണങ്ങളും, കേരളത്തിൽ വർദ്ധിച്ചു വരുന്ന കോവിഡ്– 19 കേസുകളും കാരണം ആലപ്പുഴയിൽ നിന്നുള്ള ഹംസ സാഹിബിന്റെ നിരവധി സുഹൃത്തുക്കൾക്കും മറ്റു സ്ഥലങ്ങളിൽ നിന്നുള്ള ജമാ അത്ത് അംഗങ്ങൾക്കും ശ്മശാന സ്ഥലത്ത് എത്തുവാൻ കഴിഞ്ഞില്ല. എന്നിരുന്നാലും ജമാ അത്തിലെ ഞങ്ങളുടെ ചില സഹോദരന്മാരായ ആലപ്പുഴയിൽ നിന്നുള്ള അബ്ദുൾ ലത്തീഫ് സാഹിബ് ,കെ. സലീം സാഹിബ് എന്നിവർക്ക് തങ്ങളുടെ കുട്ടിക്കാല സുഹൃത്തിന്റെ വീട്ടിൽ എത്തുവാനും, അവസാനമായി തങ്ങളുടെ സഹോദരനെ ഒരുനോക്ക് കാണുവാനും, കബറടക്കത്തിന് സാക്ഷ്യം വഹിക്കുവാനും കഴിഞ്ഞു.

2010 – ൽ സ്ഥാപിതമായ കേരളത്തിലെ ജമാഅത്ത് സഹീഹിൽ ഇസ്ലാമിന്റെ ആദ്യകാല വിശ്വാസികളുടെ കൂട്ടത്തിൽ ഹംസ സാഹിബും ഉൾപ്പെട്ടിട്ടുണ്ടെന്ന് ജമാ അത്ത് സഹീഹിൽ ഇസ്ലാമിന്റെ ഇമാം ഹസ്റത്ത് ഖലീഫത്തുല്ലാഹ് മുനീർ അഹ്മ്മദ് അസീം (അ) അറിയിച്ചു.

2010 – ൽ മൗറീഷ്യസിലെ അഹമ്മദികൾ ക്കിടയിൽ വെളിപ്പെട്ട ദിവ്യ ദൃഷ്ടാന്തത്തെ ക്കുറിച്ച് അതായത് ഖലീഫത്തുല്ലയുടെ നിയോഗത്തെക്കുറിച്ച് കേൾക്കുവാനും പഠിക്കുവാനുമുള്ള കേരളത്തിലെ ആദ്യത്തെ അഹമ്മദികളുടെ കൂട്ടത്തിൽ അബ്ദുല്ലാഹ് സുബൈർ സാഹിബ്, കണ്ണൂർ സ്വദേശിയും കേരള വടക്കൻ മേഖല അമീറുമായ ഇ. താഹീർ സാഹിബ് ,കൂടാതെ ആലപ്പുഴയിൽ



നിന്നുള്ള അബ്ദുൾ ലത്തീഫ് സാഹിബ്, മുഹമ്മദ് ബശീർ സാഹിബ്, അബൂബക്കർ സാഹിബ്, അബ്ദുൾ ഹക്കീം സാഹിബ്, കെ. സലീം സാഹിബ്, ഹരീസ് സാഹിബ്, ഹംസ ഇബ്രഹീം സാഹിബ് എന്നിവരും ഉൾപ്പെട്ടിരുന്നു എന്നത് ഇന്ന് പരക്കെ അറിയപ്പെടാത്ത ഒരു വസ്തുതയാണ്. 2010 ഒക്ടോബർ ആദ്യ ആഴ്ചയിൽ നടന്ന, ബഹുമാന്യനായ ആർ ജമാലുദ്ദീൻ റാവുത്തർ സാഹിബിന്റെ ബൈ – അത്തിനുശേഷം ഒക്ടോബർ 8 ന് ആലപ്പുഴയിൽ കേരള ജമാഅത്തു സഹീഹിൽ ഇസ്ലാം ഔദ്യോഗികമായി രൂപീകൃതമായ നിമിഷം മുതൽ തന്നെ, ഈ കാലഘട്ടത്തിന്റെ ഖലീഫത്തുല്ലാഹിന്റെ സത്യതയെ തിരച്ചറിയുകയും അംഗീകരിക്കുകയും ചെയ്ത ഇന്ത്യയിലെ ജമാ അത്തിന്റെ പ്രഥമ വിശ്വാസി വൃന്ദത്തിൽ ബഹുമാന്യനായ ഹംസ ഇബ്രാഹീം സാഹിബും അംഗമായിരുന്നു. അൽഹംദുലില്ലാഹ്.

കേരള ജമാ അത്തിൽ, തന്റെ ദീർഘക്കാല സുഹൃത്തും കേരള വടക്കൻ മേഖലയിലെ അമീറുമായ ആദരണീയനായ ഈ താഹിർ സാഹിബുമായി അദ്ദേഹം സഹകരിച്ച് പ്രവർത്തിച്ചു. 2017 – ൽ തമിഴ്നാട്ടിൽ ജമാഅത്തു സഹീഹിൽ ഇസ്ലാം സ്ഥാപിതമായപ്പോൾ തൊട്ടടുത്ത സംസ്ഥാനത്തിലെ സഹോദരന്മാർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും പുതിയ സഹോദരന്മാരുമായുള്ള സഹകരണം തുടർന്ന് വരുകയും ചെയ്തു.

ബൈ അത്ത് ചെയ്ത് ജമാ അത്ത് സഹീഹിൾ ഇസ്ലാമിൽ പ്രവേശിച്ച നിമിഷം മുതൽ ഹസ്റത്ത് ഖലിഫത്തുല്ലാഹുവിനോടുണ്ടായിരുന്ന ആത്മാർത്ഥമായ അടുപ്പവും ആദരവും അവസാന നിമിഷം വരെ അദ്ദേഹം നിലനിർത്തി പോന്നു. 2017 – ലും 2018 ലും വിശുദ്ധ കുടുംബത്തോടൊപ്പം ഹസ്റത്ത് ഖലീഫത്തുല്ലാഹ് മുനീർ അഹമ്മദ് അസീം (അ) അവർകളുടെ

അനുഗ്രഹീതവും അവിസ്മരണീയവുമായ ഇന്ത്യർ പര്യടന ദിവസങ്ങളിൽ, കണ്ണൂരിലും മറ്റിടങ്ങളിലും ആതിഥ്യം ക്രമീകരിക്കുന്നതിൽ ഹംസ ഇബ്രാഹീം സാഹിബ് മുൻപന്തിയിലായിരുന്നു.

2010 ഒക്ടോബർ കേരള ജമാ അത്ത് സഹീഹിൽ ഇസ്ലാമിന്റെ പിറവിയുടെ 10 – ാം വാർഷികമാണ്. വിപ്ളവം സൃഷ്ടിച്ച് അനവരതം മുന്നേറ്റം തുടരുന്ന ഈ ആത്മീയ കൂട്ടായ്മയുടെ 10 – ാം വാർഷികത്തിൽ, ഒരു നാഴിക കല്ലിന്റെ സായൂജ്യവും സന്തോഷവും നാം അടയാളപ്പെടുത്തുമ്പോഴും, നമ്മുടെ പ്രിയ സഹോദരന്റെ വേർപാടാകട്ടെ, ഈ ലോകത്തു നിന്നും നമ്മുടെയൊക്കെ സ്വന്തം വിട പറയൽ നിമിഷത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണത്.

പരേതനായ സാഹിബിന്റെ നിത്യശാന്തിക്കായി ഹസ്റത്ത് ഖലീഫത്തുല്ലാഹിന്റെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനയിൽ ഡൽഹി, മാത്ര നൂറിൽ ഇസ്ലാം മസ്ജിദ്തുൾപ്പെടെ ലോകത്തിന്റെ നൂറ് കണക്കിന് സ്ഥലങ്ങളിൽ ജമാ അത്ത് അംഗങ്ങൾ ഭാഗഭാക്കായി.

“അല്ലാഹു ഹംസ സാഹിബിനോട് ക്ഷമിക്കുകയും അവന്റെ പ്രകാശത്താൽ അദ്ദേഹത്തിന്റെ പദവിയെ ഉയർത്തുകയും ജനത്തുൽ ഫിർ ദൗസിൽ നിത്യ സന്തോഷം നൽകി അനുഗ്രഹിക്കുകയും ചെയ്യട്ടെ,! ആമീൻ .അല്ലാഹു എന്റെ എല്ലാ ശിഷ്യന്മാരേയും തങ്ങളുടെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുകയും, അവരെ ഏകശരീരമായി മാറ്റിതീർക്കുകയും ചെയ്യട്ടെ.! ജീവിതത്തിലെ സമസ്ത ഘട്ടങ്ങളിലും അല്ലാഹു തന്റെ ജമാ അത്ത് സഹീഹിൽ ഇസ്ലാമിനും ഖലീഫത്തുല്ലാഹുവിനും വിജയം പ്രദാനം ചെയ്യട്ടെ! ഒപ്പം അസാധാരണമായ നിലയിൽ അല്ലാഹു തന്റെ അത്ഭുതങ്ങളും അടയാളങ്ങളും വെളിപ്പെടുത്തട്ടെ! ”

TRANSLATED BY,
**AZIM AHMAD.**


**EDITING & PUBLISHING ARE DONE BY**
**Dr. E. THAHIR**
**AMIR- NORTH KERALA**
**JAMAAT -UL - SAHIH-AL-ISLAM**
**PH : 9746525847**



**OBLIGATION**
**SPIRITUAL REFLECTION - BLOGGER (21 October 2020)**
**JAMAAT -UL - SAHIH-AL-ISLAM**